**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **30-08-2022 - ൽ മറുപടിയ്ക്ക്**

**വികസനപദ്ധതികൾക്കായി കുടിയൊഴിപ്പിക്കുന്നവരുടെ പുനഃരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ വികസന പദ്ധതികൾക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ലാൻഡ് അക്വിസിഷൻ ആക്ട് 1894 പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ആക്ട് പ്രകാരമുള്ള പുനരധിവാസ ആനുകൂല്യം ഉണ്ടായിരുന്നില്ല. പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിച്ചിട്ടുള്ള പദ്ധതികൾക്ക് പുനരധിവാസ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. RFCTLARR Act 2013 പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് Schedule 2 പ്രകാരമുള്ള പുനരധിവാസ ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ പ്രത്യക സാഹചര്യം കണക്കിലെടുത്ത് RFCTLARR Act 2013 ലെ Schedule 2 ൽ പ്രതിപാദിക്കുന്നതിനെക്കാൾ കൂടുതൽ തുക വകയിരിത്തികൊണ്ട് 29.12.2017 ലെ G.O(MS) No.448/2017/RD പ്രകാരം "State Rehabilitation Policy" ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | വല്ലാർപാടം, മൂലംപളളി, എൻ.എച്ച്.-47 വികസനം തുടങ്ങിയ പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട മുഴുവൻ പേരെയും പു:നരധിവസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിയുളളവരെ കൂടി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുംമെന്ന് വ്യക്തമാക്കാമോ; | (ബി) | ICTT വല്ലാർപാടം പദ്ധതിയ്ക്കായി എൽ.എ ആക്ട് 1894 പ്രകാരമാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയ്ക്കായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി 19.03.2008 ലെ ജി.ഒ(എം.എസ്) 62/08/RD പ്രകാരമുള്ള പുനരധിവാസ പാക്കേജ് (മൂലമ്പിള്ളി പാക്കേജ്) പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആയതിൻപ്രകാരം റോഡ് നിർമ്മാണത്തിനു വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട 165 കുടുംബങ്ങളേയും, റെയിൽവേയ്ക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട 143 കുടുംബങ്ങളും ഉൾപ്പെട്ട 308 കുടുംബങ്ങൾക്കുപുറമേ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭാഗികമായി വീട് നഷ്ടപ്പെട്ട 7 പേരേയും ഉൾപ്പെടെ 315 പേർക്ക് |

| | | | |
|---|---|---|---|
| | | | മൂലമ്പിള്ളി പാക്കേജ് പ്രകാരം പുനരധിവാസ ഭൂമി അനുവദിച്ചിട്ടുള്ളതാണ്. ആയതിന് പട്ടയവിതരണം നടത്തിയിട്ടുള്ളതാണ്. കുടുംബങ്ങൾക്ക് വാടകയിനത്തിലും ഷിഫ്റ്റിംഗ് ചാർജ്ജ് ഇനത്തിലും നൽകേണ്ട തുക മുഴുവൻ വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് ഹാജരാക്കുന്ന മുറയ്ക്ക് പൈലിംഗ് ചാർജ്ജ് നൽകി വരുന്നു. എൻ.എച്ച് -47 വികസന പദ്ധതിയിൽ ആരെയും പുനരധിവസിപ്പിച്ചിട്ടില്ലാത്തതാണ്. |
| (സി) | പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ? | (സി) | അർത്ഥനാധികാരികളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് പുനരധിവാസ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ പ്രധാന കാരണം. |

സെക്ഷൻ ഓഫീസർ